**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 706** **06-12-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപാറ ആദിവാസി കോളനികളിലെ വൈദ്യുതീകരണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ കുഞ്ചിപ്പാറ, തലവച്ചപാറ ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും, പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കോൺട്രാക്ട് എഗ്രിമെന്റ് 23.11.2022-ൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി 4,07,02,000/- രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത് |
| (സി) | ഭരണാനുമതിയിന്മേൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഭരണാനുമതിയിന്മേൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കോൺട്രാക്ട് എഗ്രിമെന്റ് വച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആദിവാസി കോളനികളിൽ ഏത് തരത്തിലാണ് വൈദ്യുതീകരണം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി, 13 കി.മീ. 11 കെ.വി ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തി, 0.15 കി.മീ. 11 കെ.വി ഓവർ ഹെഡ് ലൈൻ വലിക്കുന്ന പ്രവൃത്തി, രണ്ട് 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, 4.65കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുന്ന പ്രവൃത്തി എന്നിവ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഇ) | ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വൈദ്യുതീകരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ? | (ഇ) | മേൽ പ്രവൃത്തി ആറു മാസ കാലയളവിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടുന്നത്. പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് ആവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്നതിന് കാലതാമസം നേരിട്ടുന്നുണ്ട്. എന്നിരുന്നാലും, കോളനികളുടെ വൈദ്യുതീകരണം യുദ്ധകാല |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ